**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2785** **13-02-2024 - ൽ മറുപടിയ്ക്ക്**

## സോളാർ വൈദ്യൂതി ഉല്പാദനം

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><th colspan="2">ശ്രീ. ഐ. ബി. സതീഷ്</th><th colspan="2">ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)</th></tr>
<tr><td>(എ)</td><td>സംസ്ഥാനത്തെ ആകെ സോളാർ വൈദ്യൂതി ഉല്പാദനം എത്രയെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;</td><td>(എ)</td><td>ഉണ്ട്. നിലവിൽ പുരപ്പുറ സോളാർ, ഫ്ലോട്ടിംഗ് സോളാർ, ഗ്രൗണ്ട് മൗണ്ടഡ് സോളാർ ഉൾപ്പെടെ സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തിന്റെ കേരളത്തിലെ ആകെ സ്ഥാപിത ശേഷി 938 MW ആണ്. ഇതിൽ സൗര പദ്ധതി മുഖേന സ്ഥാപിച്ച 188.3 MW-ഉം ഉൾപ്പെടുന്നു. അനെർട്ട് മുഖേന 16.4 MW ശേഷിയുള്ള ഓഫ് ഗ്രിഡ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.<br><br>കേരളത്തിൽ നിന്നുള്ള ഉല്പാദകരിൽ നിന്നും ദീർഘകാല/ഹ്രസ്വകാല കരാർ പ്രകാരം സോളാർ വൈദ്യുതി വാങ്ങുന്നുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>
<table>
<tr><th>ക്രമ നമ്പർ</th><th>ഊർജ്ജോത്പാദന നിലയങ്ങൾ</th><th>ശേഷി മെഗാ വാട്ടിൽ</th><th>യൂണിറ്റ് വില രൂപയിൽ</th></tr>
<tr><td>1</td><td>IREDA Solar</td><td>50</td><td>3.83</td></tr>
<tr><td>2</td><td>THDCIL</td><td>50</td><td>3.10</td></tr>
<tr><td>3</td><td>NTPC Kayamkulam Floating Solar</td><td>92</td><td>2.94</td></tr>
<tr><td>4</td><td>CIAL Solar Ettukudukka</td><td>10</td><td>2.37</td></tr>
<tr><td>5</td><td>Kuzhalmannam(ANERT)</td><td>2</td><td>2.69<br>(ഇടക്കാല താരിഫ്)</td></tr>
</table>
</td></tr>
<tr><td>(ബി)</td><td>സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?</td><td>(ബി)</td><td>സോളാർ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ- ന്റെ തനത് ഫണ്ട് ഉപയോഗിച്ച് അഗളി ഗ്രൗണ്ട് മൗണ്ടഡ് - 1 മെഗാവാട്ട്, കഞ്ചിക്കോട് ഗ്രൗണ്ട് മൗണ്ടഡ് - 3 മെഗാവാട്ട്, ബ്രഹ്മപുരം ഗ്രൗണ്ട് മൗണ്ടഡ് - 2.75 മെഗാവാട്ട് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 1.25MW കഞ്ചിക്കോട് സൗരോർജ്ജ നിലയം സ്ഥാപിക്കുന്ന പണി പുരോഗമിച്ചു വരുന്നു. കൂടാതെ GoK യുടെ ഫണ്ട് ലഭ്യമാക്കി സംസ്ഥാനത്തിന്റെ വിവിധ കളക്ടേറ്റ് ഓഫീസിനു മുകളിൽ സോളാർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്.<br><br>ഇതിലുപരിയായി കേന്ദ്രസർക്കാർ ആവിഷ്കരിച്ച PM-KUSUM പദ്ധതി വഴി കെ.എസ്.ഇ.ബി.എൽ. 11MW-ന്റെ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിൽ</td></tr>
</table>

0.8MW ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 10.2MW പ്ലാന്റിന്റെ പണി പുരോഗമിച്ചു വരുന്നു. ഇതു കൂടാതെ ഗാർഹിക ഉപഭോക്താൾക്ക് അവരുടെ തന്നെ പുരപ്പുറത്ത് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിന് SOURA പദ്ധതികളും നടപ്പിലാക്കി വരുന്നു. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങളുടെ പുരപ്പുറത്തു സോളാർ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതികളും ഡെപ്പോസിറ്റ് വർക്ക് അടിസ്ഥാനത്തിൽ നടത്തി വരുന്നുണ്ട്. പുരപ്പുറത്തു സോളാർ നിലയങ്ങൾ സ്ഥാപിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് ഉപഭോക്താക്കൾക്ക് ഗുണകരമായ നെറ്റ് മീറ്ററിംഗ്, വീലിംഗ് എന്നീ സംവിധാനങ്ങളും നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാന ഗവൺമെന്റിന്റെ ഊർജ്ജ കേരള മിഷന്റെ ഭാഗമായി ആയിരം മെഗാവാട്ട് സൗരോർജ്ജം സംസ്ഥാനത്തെ വൈദ്യുതി ശൃംഖലയിൽ കൂട്ടിചേർക്കാൻ ലക്ഷ്യമിട്ട് നടത്തുന്ന 'സൗര' പദ്ധതിയുടെ ഭാഗമായി 500 മെഗാവാട്ട് പുരപ്പുറ സൗര നിലയങ്ങളിൽ നിന്നും, ശേഷിക്കുന്ന 500 മെഗാവാട്ട് സോളാർ പാർക്ക്, സ്വകാര്യ സംരംഭകർ, ഫ്ലോട്ടിംഗ് സോളാർ എന്നിവയിലൂടെയും കൈവരിക്കാനാണ് ലക്ഷ്യമിടുന്നത്. ഇതിൽ പുരപ്പുറ സോളാർ പാനലുകൾ വഴിയുള്ള വൈദ്യുതോല്പാ ദനത്തിൽ സൗര പദ്ധതിയുടെ കീഴിൽ ഫേസ് ഒന്നിലും രണ്ടിലുമായി 188.33 മെഗാവാട്ടിന്റെ 45496 നിലയങ്ങൾ കമ്മിഷൻ ചെയ്തു. കൂടാതെ പദ്ധതി വിപുലീകരണത്തിന്റെ ഭാഗമായി ഗാർഹിക ഗാർഹികേതര മേഖലയിൽ സബ്സിഡി രഹിത സൗരോർജ്ജ പ്ലാൻറ് സ്ഥാപിച്ചു നൽകുന്നതിനായി 100 മെഗാവാട്ടിന്റെ മറ്റൊരു ടെൻഡർ കൂടി വിളിച്ചിട്ടുണ്ട്. ടെൻഡർ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

സൗരോർജ്ജത്തെ നമ്മുടെ വൈദ്യുതി ആവശ്യത്തിനായി വിനിയോഗിക്കുന്നതിനുള്ള സംവിധാനമായ സോളാർ പവർ പ്ലാന്റുകൾ വീടുകളിലും, സ്ഥാപനങ്ങളിലും വ്യാപക മാക്കുന്നതിനു വേണ്ടിയുള്ള വിവധ പദ്ധതികൾ അനെർട്ട് മുഖേന നടപ്പിലാക്കി വരുന്നു. കേന്ദ്ര നവ-പുനരുപയോഗ ഊർജ്ജ മന്ത്രാലയം (എം.എൻ.ആർ.ഇ.) കെ.എസ്.ഇ.ബി.എൽ. മുഖേന സബ്സിഡിയോടെ നടപ്പിലാക്കുന്ന ഗാർഹിക പുരപ്പുറ സൗരോർജ്ജ പവർ പ്ലാന്റ് പദ്ധതിയിൽ 10 മെഗാവാട്ട് ശേഷിയുള്ള പ്ലാന്റുകൾ അനെർട്ട് മുഖേന സ്ഥാപിക്കുന്നതാണ്. കൂടാതെ തിരുവനന്തപുരം സോളാർ സിറ്റിയിൽ ആകെ 100 മെഗാവാട്ട് ശേഷിയുള്ള ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.

റിന്യൂവബിൾ എനർജി സേവനദാതാക്കൾ മുഖേന സ്വകാര്യപങ്കാളിത്തത്തിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന '**റെസ്കോ (RESCO) മോഡൽ**' അനെർട്ട് മുഖേന സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ/പൊതുസ്ഥാപനങ്ങളിൽ സൗരോർജജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു. (10% ധനസഹായത്തോടെ).

സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ എല്ലാ സർക്കാർ കെട്ടിടങ്ങളിലും സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നു.

അനെർട്ടിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL വീടുകളിൽ 2 KW വീതം ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന

| | | | |
|---|---|---|---|
| | | | പദ്ധതി നടപ്പിലാക്കുന്നു. |

സെക്ഷൻ ഓഫീസർ